# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 26/540/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/05/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 26/540/2022 തീയ്യതി: 24/05/2022

## മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 05-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 07-02-2022 | 23-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 23-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുള്ള എ.സി., ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുൾസലാം.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ഹസ്ന.വി.സി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
| --- | --- | --- | --- |
| ശ്രീമതി പറമ്പൻ മിഥുന | പ്രസിഡന്റ് | 01-04-2020 | 20-12-2020 |
| ശ്രീ ചെമ്പൻ മുഹമ്മദാലി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
| --- | --- | --- | --- |
| ശ്രീ സലീഷ് എ | സെക്രട്ടറി ഇൻ ചാർജ് | 01-04-2020 | 01-04-2020 |
| ശ്രീ ഉണ്ണി കെ | സെക്രട്ടറി | 02-04-2020 | 01-03-2021 |
| ശ്രീ ലൈജുമോൻ രാജപ്പൻ | സെക്രട്ടറി ഇൻ ചാർജ് | 02-03-2021 | 31-03-2021 |
| ശ്രീമതി ജയതി നാരായണൻ | അസി. സെക്രട്ടറി ഇൻ ചാർജ് | 01-04-2020 | 09-06-2020 |
| ശ്രീ ലൈജുമോൻ രാജപ്പൻ | അസി. സെക്രട്ടറി | 10-06-2020 | 31-03-2021 |
| ശ്രീമതി മീരമോൾ ടി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ മധുസൂദനൻ സി എസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ ഷാജി അറക്കൽ | മെഡിക്കൽ ഓഫീസർ (അലോപതി) | 01-04-2020 | 31-03-2021 |
| ശ്രീ ഷൈജു പി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി ജയശ്രീ പി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ വിനോദ് കുമാർ കെ പി | കൃഷി ഓഫീസർ | 01-04-2020 | 11-03-2021 |
| ശ്രീ. ബാബു ഷക്കീർ | കൃഷി ഓഫീസർ ഇൻ ചാർജ് | 12-03-2021 | 31-03-2021 |
| ശ്രീമതി പങ്കജവല്ലി കെ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 23-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 15-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 23-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 23-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 23-02-2022) | 1-5 |
| 6 | പദ്ധതി രൂപീകരണ മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി തയ്യാറാക്കി<br>Written By: Husna (Auditor, On 26-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-5-1 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 21-02-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 23-02-2022) | 1-7 |
| 9 | ക്യാഷ് പരിശോധന.<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 27-02-2022)<br>Last Updated By: A.C.Abdulla (Audit Officer, On 27-02-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 23-02-2022) | 1-10 |
| 12 | വാർഷിക കണക്ക് പരിശോധന<br>Written By: Abdul Salam.P (Senior Grade Auditor, On 22-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 22-02-2022) | 1-11 |
| 13 | ഗ്രാന്റ് പത്രിക പരിശോധന<br>Written By: Abdul Salam.P (Senior Grade Auditor, On 25-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 25-02-2022) | 1-11-1 |
| 14 | എഞ്ചിനിയറിംഗ് വിഭാഗം മാന്വൽ രസീത് ബുക്ക് പ്രകാരം പിരിച്ചെടുത്ത തുക അടവാക്കാൻ അവശേഷിച്ചത് അടവാക്കി.<br>Written By: Husna (Auditor, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-12 |
| 15 | വസ്തു നികുതി വിജ്ഞാപന ഭേദഗതി നടപ്പിൽ വരുത്തിയിട്ടില്ല.<br>Written By: Husna (Auditor, On 24-02-2022)<br>Last Updated By: Husna (Auditor, On 24-02-2022) | 1-13 |
| 16 | അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്<br>Written By: Husna (Auditor, On 24-02-2022)<br>Last Updated By: Husna (Auditor, On 24-02-2022) | 1-14 |
| 17 | കമ്പ്യൂട്ടർ - പ്രിന്റർ വാങ്ങൽ - പ്രൊജക്റ്റ് ലക്ഷ്യം പൂർത്തീകരിച്ചില്ല | 1-15 |

| | | |
|---|---|---|
| | Written By: Abdul Salam.P (Senior Grade Auditor, On 25-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | |
| 18 | അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 25-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 25-02-2022) | 1-16 |
| 19 | മുൻകൂർ തുക നൽകി - മരുന്നുകൾ മുഴുവൻ ലഭ്യമായില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 25-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-17 |
| 20 | സ്മാർട്ട് ക്ലാസ് റൂം- ലാപ് ടോപ്പ് ലഭ്യമാക്കിയില്ല<br>Written By: A.C.Abdulla (Audit Officer, On 26-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-18 |
| 21 | മരാമത്ത് പ്രവൃത്തിയിൽ അധികം നൽകിയ ₹ 167828 തിരിച്ചടവാക്കി<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 09-03-2022) | 1-19 |
| 22 | തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്കിൽ അധികം നൽകിയ -10908 തിരിച്ചടച്ചു<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022) | 1-20 |
| 23 | കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി. ₹ 309919 അധികച്ചെലവ്<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-21 |
| 24 | തെറ്റായ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം ഷീറ്റ് റൂഫിംഗ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി – അധികച്ചെലവ്.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022) | 1-22 |
| 25 | സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ കുടിവെള്ള പദ്ധതികൾ നടപ്പാക്കി<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-23 |
| 26 | വടക്കേബസാർ കുടിവെള്ള പദ്ധതി ( 263/21)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022) | 1-23-1 |
| 27 | നാലാംകണ്ടം കുടിവെള്ള പദ്ധതി ( 275/21 )<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022) | 1-23-2 |
| 28 | കള്ള്തൊടു എസ്.സി കുടിവെള്ള പദ്ധതി പൂർത്തീകരണം. ( 288/21 )<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022) | 1-23-3 |
| 29 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-24 |
| 30 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 09-03-2022) | 1-25 |
| 31 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-26 |
| 32 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-27 |
| 33 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022) | 1-28 |

| | | |
|---|---|---|
| | Last Updated By: Muhammed Fasalurahman (Asst. Audit Officer, On 09-03-2022) | |
| 34 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 1-29 |
| 35 | തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്ക് പ്രവൃത്തികളിലെ അപാകതകൾ.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 09-03-2022) | 1-30 |
| 36 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി. ₹ 309919 അധികച്ചെലവ്<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 23-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 15-02-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 23-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 04-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 15-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 15-02-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Husna (Auditor, On 15-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Husna (Auditor, On 15-02-2022)<br>Last Updated By: Unni.P (Deputy Director, On 09-05-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി | ( പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1(1) 24.03.2020 | 8/8(2) 30-01-2021 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2020 | 24.06.2021 |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 49179734 |
| വരവ് | 112180366 |
| ആകെ | 161360100 |
| ചെലവ് | 114012988 |
| നീക്കിയിരിപ്പ് | 47347112 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 13909815 | 13909815 | 12913726 | 996089 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 9366491 | 9366491 | 8879998 | 486493 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 301000 | 301000 | 0 | 301000 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 13986000 | 13986000 | 13290286 | 695714 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5298859 | 5298859 | 3518551 | 1780308 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 7160000 | 7160000 | 1856759 | 5303241 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 15796291 | 15796291 | 10274542 | 5521749 |
| ബി ഫണ്ട് | 0 | 73228000 | 73228000 | 73228000 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 296 | 173721817 | 218 | 96791994 | 4 | 74 | 73.64 |

### 1-5-1 പദ്ധതി രൂപീകരണ മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി തയ്യാറാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സഉ (MS) 11/2018/തസ്വഭവ തിയതി 29-01-2018 നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-20, 2020-21 വർഷ പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് ഗ്രാപഞ്ചായത്ത് പദ്ധതി തയ്യാറാക്കിയത് എന്ന് വ്യക്തമായി.

വാർഷിക പദ്ധതികൾ താഴെ പറയുന്ന നടപടികൾ പാലിച്ചാണ് തയ്യാറാക്കേണ്ടത് എന്ന് മേൽ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

1)പ്ലാൻ കോ-ഓർഡിനേറ്റർ - തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി പ്ലാൻ കോ-ഓർഡിനേറ്ററുടെ ചുമതല വഹിക്കണം.

2)എല്ലാ വർഷവും ആവശ്യമെങ്കിൽ വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിക്കുകയും ഭരണ സമിതി ഗ്രൂപ്പ് അംഗങ്ങളെ അംഗീകരിക്കുകയും ചെയർ പേഴ്സണെയും ,ഉപാദ്ധ്യക്ഷൻ, കൺവീനറെയും നിശ്ചയിക്കുകയും വേണം.

3) വർക്കിംഗ് ഗ്രൂപ്പ് : 10 മുതൽ 15 വരെ അംഗങ്ങൾ , അംഗ സംഖ്യയുടെ 1/3 ആണ് ക്വാറം.

4)വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം : വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ ആദ്യ പൊതുയോഗത്തിൽ പ്രസിഡന്റ് മുൻ വർഷ പദ്ധതി വിലയിരുത്തുകയും വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ നടപ്പുവർഷ മുൻഗണനകൾ വിശദീകരിക്കുകയും ചെയ്യണം.

5) വർക്കിംഗ് ഗ്രൂപ്പുകൾ യോഗങ്ങൾ ചേർന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കുകയും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക , മുൻവർഷ പ്രൊജക്ട് നടത്തിപ്പ് സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക എന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്.

6)പദ്ധതി സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും കൂടിയാലോചന നടത്തുക.

7)ജനപ്രതിനിധികളുടെ യോഗം വിളിക്കുക

8)പ്രൊജക്ട് അന്തിമമാക്കുക , വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ തയ്യാറാക്കുക

9)വികസന സെമിനാർ : വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ ചർച്ച ചെയ്ത് ആവശ്യമായ നിർദേശങ്ങൾ നൽകുക.

10)വികസന രേഖ ഭരണ സമിതി അംഗീകരിക്കുക , അടങ്കലും വകയിരുത്തലും തീരുമാനിക്കുക.

11) നിർവഹണോദ്യോഗസ്ഥൻ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം നേടുക.

12)പ്രൊജക്ടുകൾ മോണിറ്റർ ചെയ്യുക

എന്നാൽ നഗരസഭയുടെ 2020-21 വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ മേൽ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പദ്ധതി തയ്യാറാക്കി വിവിധ പ്രൊജക്ടുകൾക്ക് അംഗീകാരം നേടിയത് എന്ന് വ്യക്തമായി

• 2020-21 വർഷത്തിലെ പദ്ധതി തയ്യാറാക്കാനായി 30-12-2019 , 04-03-2020 എന്നീ തിയതികളിൽ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത്.

• മിക്ക വർക്കിംഗ് ഗ്രൂപ്പുകളും മിനട്സിൽ യോഗ തീരുമാനങ്ങൾ , ചർച്ചയുടെ വിവരങ്ങൾ എന്നിവ ശരിയായി രേഖപ്പെടുത്തിയിട്ടില്ല. ക്വാറം തികയാതെയും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായും കാണുന്നു.

• ഏതാനും പ്രൊജക്ട് നിർദേശങ്ങൾ രേഖപ്പെടുത്തിയതല്ലാതെ പ്രൊജക്ട് തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായ യാതൊരു പങ്കും വഹിച്ചതായി കാണുന്നില്ല.

• പ്രൊജക്ട് സംബന്ധിച്ച് പഠനം നടത്തുകയോ ആവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകുകയോ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

• വർക്കിംഗ് ഗ്രൂപ്പുകൾ ഒന്നും തന്നെ മുൻ പഞ്ചവത്സര കാലയളവിലെ പ്രൊജക്ടുകൾ അവലോകനം ചെയ്ത് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

• സ്ഥാപനം നടപ്പാക്കുന്ന പ്രൊജക്ടുകളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണെങ്കിലും പ്രസ്തുത ചുമതലയും നിറവേറ്റിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

• പദ്ധതി സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും കൂടിയാലോചന നടത്തിയതിന്റെ മിനുട്സ് , തീരുമാനങ്ങൾ എന്നിവ സൂക്ഷിച്ചിട്ടില്ല.

• 2020-21 ന് വർഷത്തേക്കുള്ള വികസന സെമിനാർ 04-03-2020ന് നടത്തിയിട്ടുണ്ടെങ്കിലും പദ്ധതി സംബന്ധിച്ച് നടത്തിയ ചർച്ചയുടെ വിശദ വിവരങ്ങൾ, നിർദേശങ്ങൾ ,തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

പ്രൊജക്ട് തയ്യാറാക്കുന്നതിൽ മാർഗ്ഗരേഖ പൂർണ്ണമായും പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ

ഓഡിറ്റ് എൻക്വയറി (33/ 22-02-22) ക്ക് തുടർ വർഷങ്ങളിൽ മാർഗ്ഗരേഖപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 67464 | 1880294 | 1947758 | 1896838 | 50920 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 30684478 | 30684478 | 30684478 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ (എണ്ണം) |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3728400 | 247 |
| വിധവാപെൻഷൻ | 21469900 | 1445 |
| വാർദ്ധക്യകാല പെൻഷൻ | 38096600 | 2772 |
| ഭിന്നശേഷി പെൻഷൻ | 9107600 | 622 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 495500 | 31 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 330000 | 11 |

## 1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.02.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അതാത് ദിവസം തന്നെ അടവാക്കിയിരുന്നതിനാൽ പരിശോധനയിൽ ക്യാഷ് ബാലൻസ്/നീക്കിയിരിപ്പ് ഒന്നും തന്നെയില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1 സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
2 സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ടാപ്പ് രജിസ്റ്റർ എന്നിവ പൂർത്തിയാക്കിയിട്ടില്ല.
3 അസിസ്റ്റന്റ് എഞ്ചിനിയർ പ്രൊജക്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
4. മാന്വൽ രസീതുബുക്ക് ഉപയോഗത്തിൽ കൃത്യമായ സൂപ്പർവിഷൻ നടക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.01.2022-13.01.2022 | 05/21-12/21 | 13.01.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.08.2019 മുതൽ 30.08.2019 വരെ | 2014-15 മുതൽ 2018-19 വരെ | 30.09.2019 |

## 1-11 വാർഷിക കണക്ക് പരിശോധന

1. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ബാങ്ക് ബുക്ക് ദിനം പ്രതി പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ്

അക്കൗണ്ട് ചട്ടങ്ങൾ 57, 58)

3. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ (2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 62) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. കാലാവധി കഴിഞ്ഞ Non Refundable Deposit കൾ നിയമപരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/20-21 തി. 15.02.2022) ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണ് എന്നറിയിച്ചു.

## 1-11-1 ഗ്രാന്റ് പത്രിക പരിശോധന

1. വികസന ഫണ്ട് ജനറൽ ഇനത്തിലെ ചെലവ് തുക ഗ്രാന്റ് പത്രിക പ്രകാരം 15338911 രൂപയാണ്. എന്നാൽ എ.സി.ആർ / എ.എഫ്.എസ് എന്നിവ പ്രകാരം ആയത് 12913726 രൂപ.
2. വികസന ഫണ്ട് എസ്.സി.പി ഇനത്തിലെ ചെലവ് തുക ഗ്രാന്റ് പത്രിക പ്രകാരം 9466507 രൂപയാണ്. എന്നാൽ എ.സി.ആർ / എ.എഫ്.എസ് എന്നിവ പ്രകാരം ആയത് 8879998 രൂപ.
3. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിലെ ചെലവ് തുക ഗ്രാന്റ് പത്രിക പ്രകാരം 2043507 രൂപയാണ്. എന്നാൽ എ.സി.ആർ / എ.എഫ്.എസ് എന്നിവ പ്രകാരം ആയത് 13290286 രൂപ.

## 1-12 എഞ്ചിനിയറിംഗ് വിഭാഗം മാന്വൽ രസീത് ബുക്ക് പ്രകാരം പിരിച്ചെടുത്ത തുക അടവാക്കാൻ അവശേഷിച്ചത് അടവാക്കി.

ഗ്രാമപഞ്ചായത്തിലെ എഞ്ചിനിയറിംഗ് സെക്ഷൻ ഉപയോഗിച്ച 8632 നമ്പർ രസീതുബുക്കിലെ 83 മുതൽ 86 വരെയുള്ള രസീതികൾ പ്രകാരം പിരിച്ചെടുത്ത 1655/-രൂപ പഞ്ചായത്തിൽ അടവാക്കാത്തത് ഓഡിറ്റ് എൻക്വയറി (8/11-02-2022 ) നൽകിയതിന്റെ അടിസ്ഥാനത്തിൽ 121040108666, 121040108667, 121040108668, 121040108669 തിയതി 19-02-2022ൽ അടവാക്കി.

രസീതു ബുക്ക് പ്രകാരം പിരിച്ചെടുക്കുന്ന തുകകൾ കൃത്യമായി പഞ്ചായത്തിൽ അടവാക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 വസ്തു നികുതി വിജ്ഞാപന ഭേദഗതി നടപ്പിൽ വരുത്തിയിട്ടില്ല.

സ ഉ(അ) 36/2015/തസ്വഭവ തിയതി 24/02/2015 പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് ബാധകമായ കെട്ടിടങ്ങളുടെ ഗണത്തിൽ 1) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2)വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് ഉറപ്പിന്റെ (അണ്ടർടൈക്കിംഗ്) അടിസ്ഥാനത്തിൽ നിരക്ക്, 3) മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്,ഡവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4) ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയും കൂടി ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം ചെയ്തിട്ടിണ്ട്.

ഗ്രാമപഞ്ചായത്തിൽമേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഭേദഗതി നടപ്പിൽ വരുത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/16-02-21) ഗ്രാമപഞ്ചായത്തിൽ ഭേദഗതി നടപ്പിൽ വരുത്തിയിട്ടില്ല എന്നാണ് അറിയിച്ചത്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി വിജ്ഞാപനം നടപ്പിൽ വരുത്തിയതിന്റെയും കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ വസ്തുനികുതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപന (നം. A1/6220/11 തിയതി. 02.01.2012) പ്രകാരം 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയും, 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30 രൂപയുമാണ് അടിസ്ഥാന വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വ്യത്യസ്ത മുറികളാക്കി വ്യത്യസ്ത നമ്പറുകൾ നൽകുമ്പോഴും കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് 50 രൂപ നിരക്കിൽ തന്നെയാണ് ഗ്രാമപഞ്ചായത്ത് നികുതികൾ നിർണ്ണയിക്കുന്നതും ഈടാക്കുന്നതും.

എന്നാൽ പഞ്ചായത്ത് പരിധിയിലെ വാകേരി മൊയ്തീൻകുട്ടി എന്ന വ്യക്തിയുടെ നമ്പർ അനുവദിച്ച കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പെർമിറ്റ് നം. | A1 BA (39366)/2019 |
| സർവ്വേ നം | BL 10-276-4 |
| കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | 151.28 M2 |
| അനുവദിച്ച കെട്ടിട നമ്പർ | 19/558 M മുതൽ Uവരെ |
| ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | 30 രൂപ |
| ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി | 50 രൂപ |
| | |
| നികുതി പ്രാബല്യ തിയതി | 01-04-2020 |

അടിസ്ഥാന വസ്തു നികുതി കുറവായി നിർണ്ണയിച്ചതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/17-02-22)ന് അപാകത ബോധ്യപ്പെട്ടതിനാൽ മേൽ കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിക്കുകയും ആയത് പ്രകാരമുള്ള കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 കമ്പ്യൂട്ടർ - പ്രിന്റർ വാങ്ങൽ - പ്രൊജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല

നിർവഹണം : ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

പ്രൊജക്ട് നമ്പർ, പേര് : 230/21, ഘടക സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങൽ

അടങ്കൽ തുക : 120548

തുക : 120387 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിൽ റഫറൻസ് നമ്പർ : 19151052002501191247/01.02.2021

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2020-21 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രൊജക്ടിന്റെ ഭാഗമായി ഘടക സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. കെൽട്രോണിന്റെ 21.01.2020 ലെ TVM/ITBG/PI/RC/14240/19-20 നമ്പർ പെർഫോർമ ഇൻവോയ്സ് പ്രകാരം 3 കമ്പ്യൂട്ടർ വാങ്ങുന്നതിന് തുക മുൻകൂർ നൽകി. കമ്പ്യൂട്ടർ ലഭ്യമായെങ്കിലും ഒറിജിനൽ ഇൻവോയ്സ് ലഭ്യമായിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസിസ്റ്റന്റ് എഞ്ചിനീയർ , വെറ്ററിനറി സർജൻ എന്നിവർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്.

എന്നാൽ ലഭ്യമായ 3 കമ്പ്യൂട്ടറിൽ ഒരെണ്ണം വെറ്ററിനറി സർജന് കൈമാറിയെങ്കിലും, ബാക്കി രണ്ടെണ്ണം പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കുകയാണെന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. സ്വന്തമായി ഓഫീസ് സൗകര്യമോ, ഇരിക്കാൻ സീറ്റോ ഇല്ലാത്ത ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് വേണ്ടി കമ്പ്യൂട്ടർ വാങ്ങിയതിനാൽ സൂപ്പർവൈസർ ആയത് കൈപ്പറ്റിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർക്ക് കമ്പ്യൂട്ടർ കൈമാറിയിട്ടുമില്ല. ആയതിനാൽ പ്രൊജക്ട് ലക്ഷ്യം നിറവേറിയില്ല. മാത്രവുമല്ല കമ്പ്യൂട്ടർ ലഭ്യമായ സമയത്ത് പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടറിന്റെ ആവശ്യകത റിപ്പോർട്ട് ചെയ്യാത്തതിനാൽ ഈ ഇനത്തിൽ അധിക ചെലവ് ഉണ്ടായി എന്ന് മനസ്സിലാവുന്നു.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വേണ്ടിയാണ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കേണ്ടത് എന്നിരിക്കേ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും ക്രമപ്രകാരമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38/2020-21) ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർക്ക് കമ്പ്യൂട്ടറുകൾ കൈമാറുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 120387 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16 അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല

നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ, പേര് : 15/21, അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം

അടങ്കൽ : 6300000

തുക : 6300000 (വികസന ഫണ്ട് ജനറൽ - 1500000, കേന്ദ്രാവിഷ്കൃത ഫണ്ട് - 4800000)

മേൽ പ്രോജക്ട് പ്രകാരം ന്യൂട്രിമിക്സ് വാങ്ങൽ, മാവേലി സ്റ്റോർ ഭക്ഷ്യധാന്യം വാങ്ങൽ, കടത്ത് കൂലി നൽകൽ, അംഗൻവാടി കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് ചെലവഴിച്ച തുകകളിൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം ആരോഗ്യ പ്രിയ ന്യൂട്രിമിക്സ്, കുമ്മിണിപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്ന് ന്യൂട്രിമിക്സ് വാങ്ങിയതിന് 34,28,477 രൂപ ചെലവഴിച്ചിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ 2% ജി എസ് ടി - ടി ഡി എസ് പിടിക്കേണ്ടതാണ്. എന്നാൽ മേൽ ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ഇൻവോയ്സ് നമ്പർ / തിയ്യതി | തുക | ജി എസ് ടി @ 5% | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് 2% | ബിൽ ,വൗച്ചർ, ചെക്ക് നമ്പർ/തിയ്യതി |
|---|---|---|---|---|---|
| 1 | 40/04.02.2020 | 222600 | 11130 | 4452 | 01/13.05.2020 |
| 2 | 43/03.03.2020 | 205800 | 10290 | 4116 | |
| 3 | 01/01.04.2020 | 197400 | 9870 | 3948 | |
| 4 | 05/01.05.2020 | 285600 | 14280 | 5712 | |
| 5 | 09/01.06.2020 | 251300 | 12565 | 5026 | 34222/01.07.2020 |
| 7 | 12/01.07.2020 | 248850 | 12442 | 4977 | 344173/06.10.2020 |
| 8 | 16/15.08.2020 | 215250 | 10762 | 4305 | |
| 9 | 18/07.09.2020 | 229950 | 11497 | 4599 | |
| 10 | 21/30.09.2020 | 223650 | 11182 | 4473 | |
| 11 | 26/28.10.2020 | 226450 | 11322 | 4529 | 06/16.01.2021 |
| | 30/27.11.2020 | 241710 | 12085 | 4834 | |
| | 32/28.12.2020 | 232050 | 11602 | 4641 | 37174/17.01.2021 |
| | 37/28.01.2021 | 241080 | 12054 | 4822 | 37304/02.02.2021 |
| | 42/04.03.2021 | 243530 | 12176 | 4870 | 37562/18.03.2021 |
| ആകെ | | 3265220 | 163257 | 65304 | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/2020-21തി 21.02.2022) ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനം ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ട് എന്ന് വിശദീകരിച്ചു. 2021-22 വർഷത്തിൽ ടി.ഡി.എസ് ഈടാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പർച്ചേസുകൾക്ക് തുക അനുവദിക്കുമ്പോൾ നിയമ പ്രകാരമുള്ള ഡിഡക്ഷനുകൾ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 മുൻകൂർ തുക നൽകി - മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

നിർവഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, പള്ളിക്കൽ)

2020-21 വർഷത്തിൽ വിവിധ പ്രൊജക്റ്റുകൾക്കായി മരുന്നുകൾ വാങ്ങുന്നതിന് ചുവടെ ചേർക്കും പ്രകാരം തിരുവനന്തപുരം, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ മുഴുവൻ മരുന്നുകളും നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | പ്രഫോർമ ഇൻവോയ്സ് നമ്പർ/തിയ്യതി | ചെലവ് (മുൻകൂർ നൽകിയ തുക) | ലഭ്യമായ മരുന്നിന്റെ വിവരം (ഇൻവോയ്സ് നമ്പർ/തിയ്യതി - തുക) |
|---|---|---|---|
| 98/21പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ : 575000 | PRF 3156/28.10.2020<br>3,00,000 രൂപ | 2,75,000 രൂപ (തനത് ഫണ്ട്)<br>ചെക്ക് നമ്പർ /തിയ്യതി: 344175/09.12.2020<br>25,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)<br>ബിൽ നമ്പർ തിയ്യതി: 11/16.12.2020 | 12812/11.02.22 - 38606<br>10248/18.12.21 - 25274<br>10315/20.12.21 - 1026<br>8676/08.11.21 - 3896<br>6822/30.09.21 - 55201<br>4427/02.08.21 - 5981<br>1984/30.05.21 - 37570<br>2599/22.06.21 - 61372<br>655/29.04.21 - 21336<br>88/06.04.21 - 6846 |
| ആകെ ലഭ്യമായ മരുന്നിന്റെ തുക | | | 257108 രൂപ |
| ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നിന്റെ തുക (300000 - 257108) | | | 42892 രൂപ |
| 101/21പരിരക്ഷ പദ്ധതി പാലിയേറ്റീവ്<br>അടങ്കൽ : 750000 | PRF 3157/28.10.2020<br>3,00,000 രൂപ | 3,00,000 രൂപ (ഫണ്ട് : വികസന ഫണ്ട് ജനറൽ)<br>ബിൽ നമ്പർ /തിയ്യതി: 14/16.12.2020 | 12869/11.02.22 - 16616<br>657/29.04.21 - 74877<br>2601/22.06.21 - 10513<br>482/05.07.21 - 38836<br>4398/31.07.21 - 21800<br>7431/16.10.21 - 37720<br>731/16.10.21 - 3183<br>8684/08.11.21 - 14222<br>10268/18.12.21 - 15427<br>10318/20.12.21 - 17096 |
| ആകെ ലഭ്യമായ മരുന്നിന്റെ തുക | | | 250290 രൂപ |
| ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നിന്റെ തുക (300000 - 250290) | | | 49710 രൂപ |

ലഭ്യമാവാൻ അവശേഷിക്കുന്ന 92602 രൂപയുടെ (42892 + 49710) മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 32/2020-21 തിയ്യതി 21.02.2022)

## 1-18 സ്മാർട്ട് ക്ലാസ് റൂം- ലാപ് ടോപ്പ് ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നം : SO 301/21

തുക : 54920(തനത് ഫണ്ട്)

ചെക്ക് നം : 000037578 തി. 27-03-21

നിർവ്വഹണ ഉദ്യോഗസ്ഥൻ – എച്ച് എം, ജി എം എൽ പി എസ് കരിപ്പൂർ

സർക്കാർ സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിനായി കേരളാ ഐടി മിഷന് മേൽ ചെക്ക് പ്രകാരം 2 ലാപ് ടോപ്പിനായി 54920/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ലാപ് ടോപ്പ് ലഭ്യമായിട്ടില്ല.

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 37/22.02.2022) ന് കേരളാ ഐടി മിഷനുമായി ബന്ധപ്പെട്ടപ്പോൾ നിലവിൽ ലാപ് ടോപ്പുകൾ സ്റ്റോക്കില്ലാത്തതിനാൽ തുക തിരികെ നൽകാം എന്ന് അറിയിച്ചിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ ലഭ്യമാകുന്നതുവരെ ചെലവ് ചെയ്ത 54920/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 മരാമത്ത് പ്രവൃത്തിയിൽ അധികം നൽകിയ ₹ 167828 തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ അധികം ചെലവഴിച്ച ₹ 167828 ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് പഞ്ചായത്തിൽ തിരിച്ചടച്ചു.

| പ്രവൃത്തി | തിരിച്ചടച്ച തുക (രസീത് നം) | കുറിപ്പ് |
|---|---|---|
| സമ്പൂർണ്ണ ശുചിത്വ പദ്ധതി ( 237/21) | ₹ 73232 ( 121040108676/21.02.2022) | GST വിഹിതം പ്രത്യേകമായി അനുവദിക്കാൻ അർഹതയില്ലാത്ത എസ്റ്റിമേറ്റിൽ നടപ്പാക്കിയ പ്രവൃത്തിക്ക് ഫൈനൽ ബിൽ നൽകിയപ്പോൾ GST വിഹിതം ഉൾപ്പെടുത്തി നൽകിയത് വഴി ഉണ്ടായ നഷ്ടം ( ഓഡിറ്റ് എൻക്വയറി നം 1/07.02.2022) |
| വയക്കാറത്തുപടി ചെറുചോലക്കരചെറിയതോട് സൈഡ് കെട്ടൽ (269/21) | 9228 ( 121040108716/21.02.2022) | DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട പ്രവൃത്തിക്ക് Mord SOR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതുമൂലമുള്ള നഷ്ടം ( ഓഡിറ്റ് എൻക്വയറി നം 3/08.02.2022) |
| തോട്ടശ്ശേരി കളത്തിങ്ങൽഅരുതോട് സൈഡ് കോൺക്രീറ്റ് (168/21) | ₹ 17189 ( 121040108715/21.02.2022) | DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട പ്രവൃത്തിക്ക് Mord SOR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതുമൂലമുള്ള നഷ്ടം ( ഓഡിറ്റ് എൻക്വയറി നം 6/10.02.2022) |
| കുമ്മിണിപ്പറമ്പ് സ്കൂൾ മേൽക്കൂര നിർമ്മിക്കൽ. ( 247/21 ) | ₹ 14696 ( 121040108717/21.02.2022) | ഷീറ്റ് റൂഫിംഗിന് അധിക നിരക്ക് നൽകിയത് വഴിയുണ്ടായ നഷ്ടം ( ഓഡിറ്റ് എൻക്വയറി നം 18/15.02.2022) |
| എയർപോർട്ട് കുടിവെള്ള പദ്ധതി ( ഫേസ് 2)- 272/21 | ₹ 40004 ( 121040108796/23.02.2022) | സ്റ്റീൽ പ്രവൃത്തിക്ക് തെറ്റായി അധിക നിരക്ക് അനുവദിച്ച് നൽകിയതുമൂലമുള്ള നഷ്ടം ( ഓഡിറ്റ് എൻക്വയറി നം 9/11.02.2022) |
| അഴിഞ്ഞിലശ്ശേരി ഇടക്കച്ചീരി റോഡ് സൈഡ് കെട്ടൽ ( 248/21) | ₹13479 ( 121040109287/09.03.2022) | പ്രവൃത്തിയുടെ ഭാഗമായി കിളച്ചെടുത്ത മണ്ണ് പ്രവൃത്തിയിലെ ഫില്ലിംഗിന് ഉപയോഗിക്കാത്തത് മൂലവും ഫിൽ ചെയ്ത മണ്ണിന്റെ ഷ്രിംഗേജ് കുറവ് ചെയ്യാത്തതുമൂലവുമുണ്ടായ അധികച്ചെലവ് ( ഓഡിറ്റ് എൻക്വയറി നം 2/ 08.02.2022) |

തിരിച്ചടവാക്കിയ തുക അതാത് ചെലവ് ഹെഡിൽ തിരിച്ചടക്കേണ്ടതാണ്.

## 1-20 തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്കിൽ അധികം നൽകിയ -10908 തിരിച്ചടച്ചു

2020-21 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ വട്ടപ്പറമ്പ് എസ്.സി നടപ്പാത കോൺക്രീറ്റ് (വാർഡ് 12) എന്ന പ്രവൃത്തിയിൽ സെമി സ്കിൽഡ് തൊഴിലാളികൾക്കുള്ള വേതനം തെറ്റായി രണ്ടുതവണ നൽകിയതുമൂലം അധികച്ചെലവായ ₹10908 ഓഡിറ്റ് എൻക്വയറിനൽകിയതിനെത്തുടർന്ന് ( 36/ 22.2.22) പഞ്ചായത്തിൽ തിരിച്ചടവാക്കി ( രസീത് നം 121040108785/ 23.2.22)

## 1-21 കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി. ₹ 309919 അധികച്ചെലവ്

2019-20 , 20-21 വർഷങ്ങളിലായി അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ എയർപോർട്ട് കുടിവെള്ള പദ്ധതി ഫേസ് 1 പ്രവൃത്തിയുടെ എസ്റ്റിമേറ്റിലാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകിയതായി വ്യക്തമായത്.

പ്രവൃത്തി - എയർപേർട്ട് കുടിവെള്ള പദ്ധതി ( Phase I)( 272/21)

TS No – 108991/2018-19 Dt . 12.1.19 4000000( Revised Approved On 1.4.20 ) EE Malappuram
Fund: Own Fund (CSR Fund)

Contractor - ശ്രീ മുഹമ്മദ് അഷ്റഫ് കെ

കരാർ നം - 83/18-19 Dt 23.2.2019 ( ₹ 3457671.35 – Estimte Rate )

എം ബുക്ക് - 103/18-19, 78/19-20
Coi: 37.25%(DSR2016)

മൂല്യ നിർണ്ണയം - 3434891

ചെലവ് -3434891 (22000391/26.8.20 )

ഈ പ്രവൃത്തിയിൽ കിണർ, ടാങ്ക് എന്നിവയുടെ നിർമ്മാണം, പമ്പിംഗ് മെയ്ൻ സ്ഥാപിക്കൽ , ഭാഗികമായി വിതരണ ലൈൻ സ്ഥാപിക്കൽ , മോട്ടോർ സ്ഥാപിക്കൽ തുടങ്ങിയപ്രവൃത്തികളാണ് ഉൾപ്പെടുത്തിയത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അനുബന്ധം C പ്രകാരമാണ് പമ്പിംഗ് മെയിൻ , വിതരണ ലൈൻ എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതുപ്രകാരമുള്ള പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തിക്കാണ് അധിക നിരക്ക് നൽകിയിട്ടുള്ളത്.

വിശദ വിവരങ്ങൾ താഴെ നൽകുന്നു.

I - മണ്ണിനടിയിലൂടെ GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി.

DSR പ്രകാരം Watersupply എന്ന ഇനത്തിൽ മണ്ണിനടിയിലൂടെ GI പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നിരക്കുകൾ അംഗീകരിച്ചതാണ് (Item 18.12.18). കുടിവെള്ള പദ്ധതികൾക്ക് മണ്ണിനടിയിലൂടെ GI പൈപ്പ് സ്ഥാപിക്കുന്നതിന് ഈ നിരക്കാണ് നൽകാവുന്നത്.

എന്നാൽ മേൽ പ്രവൃത്തിയിൽ പമ്പിംഗ് മെയിന്റെ ഭാഗമായി മണ്ണിനടിയിലൂടെ GI പൈപ്പ് സ്ഥാപിക്കുന്നതിന്, ഈ പ്രവൃത്തിക്കുള്ള DSR നിരക്ക് നൽകാതെ ട്രഞ്ചിംഗ്& റി ഫില്ലിംഗിനും( Item 4,5) , പൈപ്പ് സ്ഥാപിക്കുന്നതിനും (Item 1) പ്രത്യേക നിരക്ക് അനുവദിച്ച് നൽകുകയാണ് ചെയ്തത്.

GI പൈപ്പ് സ്ഥാപിക്കുന്നതിന് PVC പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അതേ ആഴത്തിൽത്തന്നെ ട്രഞ്ച്കീറുന്നതിനുള്ള നിരക്ക് നൽകിയത് അംഗീകരിക്കാനാവില്ല.

DSR പ്രകാരം നിരക്ക് ലഭ്യമായ ഇനം പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പണം നൽകിയതുമൂലം അധിച്ചെലവുണ്ടായിട്ടുണ്ട്.

GI പൈപ്പ് സ്ഥാപിക്കുന്നതിന് അധികം തുക നൽകിയതിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | DSR പ്രകാരം നൽകാവുന്ന തുക ( 18.12.8)<br>@ 791.04 / M | എസ്റ്റിമേറ്റ് പ്രകാരം നൽകിയത് | അധികം |
|---|---|---|---|
| 80 Mm Dia GI പൈപ്പ് മണ്ണിനടിയിലൂടെ സ്ഥാപിക്കൽ ( 367 M, Pumping Main) | 290311.68<br>( 367x791.04 ) | Item 1 – 367x713.56 = 261876.52<br>Item 4 – 82.57x401.01= 33111.40<br>Item 5 – 82.57x689.04=56894.03<br>Total = 351881.95 | 61570<br>(351881.95-290311.68) |

II- ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിന് അധികം തുക നൽകി.

ഈ പ്രവൃത്തിയുടെ ഭാഗമായി 110 Mm, 63 Mm PVC വിതരണ ലൈൻ സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ്& റി ഫില്ലിംഗിനും, പൈപ്പ് സ്ഥാപിക്കുന്നതിനും ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രത്യേക നിരക്കാണ് നൽകിയിരിക്കുന്നത്.

LSGD എഞ്ചിനിയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രൈസ് സോഫ്റ്റ്വെയറിൽ കുടിവെള്ള പദ്ധതികളിൽ PVC പൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ്& റിഫില്ലിംഗ്, പൈപ്പ് വില ഉൾപ്പെട്ട അംഗീകൃത നിരക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതേ കുടിവെള്ള പദ്ധതിപൂർത്തീകരണത്തിനായി നടപ്പാക്കിയ എയർപോർട്ട് കുടിവെള്ള പദ്ധതി ഫേസ് 2 എന്ന പ്രവത്തിയുടെ എസ്റ്റിമേറ്റിൽ വിതരണ ലൈൻ സ്ഥാപിക്കുന്നതിന് പൂർണ്ണമായും പ്രൈസ് സോഫ്റ്റ്‌വെയറിൽ അംഗീകരിച്ച നിരക്കാണ് അനുവദിച്ച് നൽകുകയും ചെയ്തിട്ടുള്ളത്.

ഒരു കുടിവെള്ള പദ്ധതിയുടെ വിതരണലൈൻ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് തയ്യാറാക്കിയ രണ്ട് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്കുകളാണ് നൽകിയിട്ടുള്ളത്. PVC പൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ് & റിഫില്ലിംഗ്, പൈപ്പ് വില എന്നിവ ഉൾപ്പെട്ട അംഗീകൃത നിരക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ ലഭ്യമായിരിക്കെ അതേ പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി വളരെ ഉയർന്ന നിരക്ക് നൽകിയത് അംഗീകരിക്കാനാവില്ല. കൂടാതെ ഇതേ പ്രവൃത്തിക്ക് പഞ്ചായത്ത് തന്നെ തയ്യാറാക്കിയ മറ്റൊരു എസ്റ്റിമേറ്റിൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ അംഗീകരിച്ച നിരക്കാണ് ഉൾപ്പെടുത്തിയത്.

പ്രൈസ് സോഫ്റ്റ്‌വെയറിൽ അംഗീകരിക്കപ്പെട്ട നിരക്ക് ഉണ്ടായിരിക്കെ വിതരണ ലൈൻ സ്ഥാപിക്കുന്നതിന് ഒബ്സർഡ് ഡാറ്റ പ്രകാരം നിരക്ക് കണക്കാക്കി പണം നൽകിയത്മൂലം പ്രവൃത്തിയിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | നൽകാവുന്നത്(ഇതേ പദ്ധതിയുടെ Phase 2 എസ്റ്റിമേറ്റിൽ വിതരണ ലൈൻ ന് അനുവദിച്ച നിരക്ക് ) | എസ്റ്റിമേറ്റ് പ്രകാരം നൽകിയത് | അധികം |
|---|---|---|---|
| വിതരണ ലൈൻ - 110 Mm Dia PVC പൈപ്പ് മണ്ണിനടിയിലൂടെ സ്ഥാപിക്കൽ ( 540 M) | 236757.60<br>( 50.18.9.9.1)<br>@ 438.44/ M | Item 6 – 540x601.86 = 325004.4<br>Item 4 – 124.5x401.01= 49925.75<br>Item 5 – 114x689.04= 78550.56<br>Total = 453480.71 | 216723 |
| വിതരണ ലൈൻ - 63 Mm Dia PVC പൈപ്പ് മണ്ണിനടിയിലൂടെ സ്ഥാപിക്കൽ ( 149 M) | 41644.01<br>( 50.18.9.7.1)<br>@ 279.49/ M | Item 8 – 149x243.05 = 36214.45<br>Item 4 – 31.75x401.01= 12732.07<br>Item 5 – 35.3x689.04= 24323.11<br>Total = 73269.63 | 31626 |
| ആകെ അധികം | | | 248349 |

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം 17/15.02.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾമൂലം അധികച്ചെലവായ ₹309919/- എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ , സാങ്കേതികാനുമതി നൽകിയ എക്സിക്യൂട്ടിവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്. )

## 1-22 തെറ്റായ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം ഷീറ്റ് റൂഫിംഗ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി – അധികച്ചെലവ്.

ഷീറ്റ് റൂഫിംഗ് പ്രവൃത്തിയിൽ 0.35 Mm GI ഷീറ്റ് റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ തെറ്റായ നിരക്ക് അനുവദിച്ച് നൽകിയത് മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായി.

ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം .35 Mm ഷീറ്റ് പ്രവൃത്തിക്ക് നിരക്ക് ലഭ്യമല്ലാത്തതിനാൽ ഗ്രാമ

പഞ്ചായത്തിൽ ഉപയോഗിച്ച ഒബ്സർവ്ഡ് ഡാറ്റയിൽ ആവശ്യമായതിലും കൂടുതൽ അളവ് സാധനങ്ങൾ, ലേബർ എന്നിവ അനുവദിച്ചത് മൂലമാണ് അധികച്ചെലവുണ്ടായത്.

DSR പ്രകാരം 0.5 Mm ഷീറ്റ് മേയുന്നതിനുള്ള നിരക്ക് അംഗീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ആവശ്യമായ അളവ് ഷീറ്റ്, ലേബർ എന്നിവ തന്നെയാണ് 0.35 Mm ഷീറ്റ് പ്രവൃത്തിക്കും ഉപയോഗിക്കേണ്ടത്. ഷീറ്റിന്റെ വില മാത്രമെ വ്യത്യാസപ്പെടുന്നുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ച Observed Data യിൽ സാധനങ്ങൾ, ലേബർ എന്നിവ DSR നിരക്കിനെക്കാൾ വളരെ ഉയർന്ന നിരക്കിൽ നൽകിയാണ് നിരക്ക് കണക്കാക്കിയത്.

DSR ഇനം 12.50 മായി താരതമ്യം ചെയ്തതിൽ 0.35 MM ഷീറ്റ് പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് താഴെ നൽകുന്നു. (ലഭ്യമാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ അംഗീകരിച്ച ഷീറ്റ് വില തന്നെയാണ് പരിഗണിച്ചത്. മറ്റ് ഇനങ്ങൾ DSR Item 12.50 പ്രകാരമുള്ള നിരക്കുകളുമാണ് പരിഗണിച്ചത്)

| പ്രവൃത്തി ഇനം | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് |
|---|---|---|
| Roofing With Gl Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @37.25% , Tender Work | 618.43 | 485.88/ M2 |
| Roofing With Gl Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @31.06 %, Tender Work | 607.83/ M2 | 480.96/ M2 |

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 5/19-20 Dt 15.02.22 ) വിശദമായ മറുപടി പിന്നീട് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2020-21 ൽ നടപ്പാക്കിയ വിവിധ പ്രവൃത്തികൾക്ക് തെറ്റായ Observed Data കണക്കാക്കിയതിനാൽ ഉണ്ടായ അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

കരിപ്പൂർ GMLPS നവീകരണം. ( 261/21 )

Est No- 2019/106382

TS – 69199/2019-20 Dt 29.09.2019 (Cl – 31.06%)

ഫണ്ട് - MG(NR)

ഷീറ്റ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് - @ 607.83 (Est.item No 5)

| പ്രവൃത്തി | ഉപയോഗിച്ച ഷീററിന്റെ അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം (12% GST ഉൾപ്പെടെ ) |
|---|---|---|---|---|
| Roofing With Gl Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @37.25 % , Tender Work | 207.58 | 126173.35<br>@ 607.83/ $M^2$ | 99837.68<br>@480.96 | 29493<br>26335.67 X 99.99%= 26333.04x112% = 29493 |

അധികമായി നൽകിയ തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-23 സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ കുടിവെള്ള പദ്ധതികൾ നടപ്പാക്കി

ഗ്രാമപ്പഞ്ചായത്തുകൾക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ്രകാരം (G.O.(MS)22/2018 Dated 14-02-2018 കുടിവെള്ള പദ്ധതികളുടെ സംരക്ഷണവും തുടർ നടത്തിപ്പും ഗുണഭോക്തൃ സമിതികൾ തന്നെ ഏറ്റെടുക്കേണ്ടതാണ് എന്നും അങ്ങനെ വ്യവസ്ഥചെയ്തതിന് ശേഷം കരാറിൽ ഏർപ്പെട്ട ശേഷമേ കുടിവെള്ള പ്രൊജക്ടുകളുടെ നിർവഹണം ഏറ്റെടുക്കാവൂ എന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതാണ്.

എന്നാൽ2 2019-20 ൽ നടപ്പാക്കിയ ഏതാനും കുടിവെള്ള പദ്ധതികളിൽ സബ്സിഡി മാർഗ്ഗരേഖയിലെ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഏറ്റെടുത്തത്. കുടിവെള്ള പദ്ധതികളുടെ ഗുണഭോക്തൃസമിതികളുടെ വിവരം , പ്രവൃത്തി പൂർത്തീകരിച്ചശേഷം കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ കമ്മിറ്റികളെ ഏല്പിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. പ്രവൃത്തികൾ പ്രവർത്തനക്ഷമമാണോ എന്നതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമായില്ല.

മേൽ അപാകതകൾ പരാമർശിച്ചും , അനുബന്ധ രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 30/21.02.2022 ) വ്യക്തമായ മറുപടി പിന്നീട് നൽകുന്നതാണ് എന്നാണ് അറിയിച്ചത്.

വിശദ വിവരം താഴെ നൽകുന്നു

## 1-23-1 വടക്കേബസാർ കുടിവെള്ള പദ്ധതി ( 263/21)

ചെലവ് – 464200 (വൗച്ചർ നം 22001291/27.3.2021 )

ഗുണഭോക്തൃ സമിതിയുമായി പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. കുടിവെള്ള പദ്ധതി പുതുതായി ആരംഭിക്കുകയാണോ അതോ നിലവിൽ പ്രവർത്തിക്കുന്നതിന്റെ പുരോഗമന പ്രവൃത്തിയോ എന്നത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ഇല്ല. പ്രവൃത്തി പൂർത്തീകരിച്ചശേഷം ഗുണഭോക്തൃ സമിതിക്ക് തുടർ നടത്തിപ്പിന് കൈമാറിയതായും കാണുന്നില്ല. പ്രവൃത്തി നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന വിവരവും ലഭ്യമല്ല.

പ്രവൃത്തിയുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച രേഖകൾ , പദ്ധതിയുടെ നിലവിലെ അവസ്ഥ എന്നിവ ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കുന്നത്‌വരെ ചെലവ് തടസ്സം ചെയ്യുന്നു

## 1-23-2 നാലാംകണ്ടം കുടിവെള്ള പദ്ധതി ( 275/21 )

ചെലവ് – 251430 (വൗച്ചർ നം 22001311/30.3.2021 )

ഗുണഭോക്തൃ സമിതിയുമായി പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. കുടിവെള്ള പദ്ധതി പുതുതായി ആരംഭിക്കുകയാണോ അതോ നിലവിൽ പ്രവർത്തിക്കുന്നതിന്റെ പുരോഗമന പ്രവൃത്തിയോ എന്നത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ഇല്ല. പ്രവൃത്തി പൂർത്തീകരിച്ചശേഷം ഗുണഭോക്തൃ സമിതിക്ക് തുടർ നടത്തിപ്പിന് കൈമാറിയതായും കാണുന്നില്ല. പ്രവൃത്തി നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന വിവരവും ലഭ്യമല്ല.

പ്രവൃത്തിയുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച രേഖകൾ , പദ്ധതിയുടെ നിലവിലെ അവസ്ഥ എന്നിവ ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കുന്നത്‌വരെ ചെലവ് തടസ്സം ചെയ്യുന്നു

## 1-23-3 കള്ള്തൊട്ട എസ്.സി കുടിവെള്ള പദ്ധതി പൂർത്തീകരണം. ( 288/21 )

ചെലവ് – 203745 (വൗച്ചർ നം 22001313/30.3.2021 )

ഗുണഭോക്തൃ സമിതിയുമായി പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. കുടിവെള്ള പദ്ധതി പുതുതായി ആരംഭിക്കുകയാണോ അതോ നിലവിൽ പ്രവർത്തിക്കുന്നതിന്റെ പുരോഗമന പ്രവൃത്തിയോ എന്നത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ഇല്ല. പ്രവൃത്തി പൂർത്തീകരിച്ചശേഷം ഗുണഭോക്തൃ സമിതിക്ക് തുടർ നടത്തിപ്പിന് കൈമാറിയതായും കാണുന്നില്ല. പ്രവൃത്തി നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന വിവരവും ലഭ്യമല്ല.

പ്രവൃത്തിയുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച രേഖകൾ , പദ്ധതിയുടെ നിലവിലെ അവസ്ഥ എന്നിവ ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കുന്നത്‌വരെ ചെലവ് തടസ്സം ചെയ്യുന്നു

## 1-24 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ കൊണ്ടോട്ടി സബ് ട്രഷറിയിൽ ഉള്ള 799011400005206 നമ്പർ അക്കൗണ്ടിൽ 11.02.2022 ന് ₹ 786752 ചെലവഴിക്കാതെ അവശേഷിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI യുടെ കൊണ്ടോട്ടിശാഖയിലുള്ള 67235327499 നമ്പർ അക്കൗണ്ടിന്റെ കാലികമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 30.07.2021 ന് 66468.30 ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് എഞ്ചിനിയർക്ക് അനുവദിക്കുന്നത് എന്നതിനാൽ എഞ്ചിനിയർക്ക് അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

രണ്ട് അക്കൗണ്ടുകളിലുമായി ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകേണ്ടതുമാണ്.

## 1-25 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനത്തിൽ അധികരിക്കാത്ത തുക കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം 10/14.02.2022)

## 1-26 ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല

2020-21 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് ഉള്ളത് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്. (എൻക്വയറി നം.12/14-02-2022)

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-27 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

2) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

3)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ

4) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ

5) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

I- സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച ഉത്തരവിലാണ് . ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

എ) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

ബി) കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.

സി) എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.

ഡി) സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.

ഇ) ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.

II- 30.12.2016, 24.07.2019 തിയ്യതികളിലെ സർക്കുലറിൽ മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് എന്ന്

നിർദ്ദേശം നൽകി.

മേൽ ഉത്തരവുകളിൽ നിന്ന് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാണ്.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

2) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടോയുള്ള നിർമ്മാണമായിരിക്കണം.

3) ആദ്യതവണ ഫിറ്റ്നസ് നൽകുമ്പോൾ നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കണം.

പഞ്ചായത്തിൽ 2019-20 , 2020-21 വർഷങ്ങളിൽ സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നത് എന്ന് വ്യക്തമായി.

പരിശോധനയിൽ വ്യക്തമായി അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) പഞ്ചായത്തിൽ നിന്ന്  നിന്ന് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

3) എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ്നസ് നൽകിയത്.

തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം 4/10.02.2022 )

## 1-28 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചയാത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം മാനുവൽ ടെണ്ടർ ചെയ്ത പ്രവൃത്തികളില് മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ടെണ്ടറിൽ ഉദ്യോഗസ്ഥൻ യാതൊരു സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല. ഏതാനും പ്രവൃത്തികളുടെ ടെണ്ടറുകളിൽ അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ കണ്ടെത്തുകയും ചെയ്തു.

ടെണ്ടർ നടപടികളിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ക്രമക്കേടുകൾക്ക് അവസരം ഉണ്ടാക്കിതിരിക്കാനുമായി ചട്ടങ്ങളിലെ  നിർദ്ദേശങ്ങൾ  പൂർണ്ണമായി പാലിക്കേണ്ടതാണ്.
( ഓഡിറ്റ് എൻക്വയറി നം 14/14.02.2022 )

## 1-29 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല .

2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 191 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 138 പ്രൊജക്ടുകളിലായി ആകെ 46691957 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 191 | ആകെ അടങ്കൽ | 78612535 |
| നടപ്പിലാക്കിയത് | 138 | ചെലവ് | 46691957 |

| | | | |
|---|---|---|---|
| ശതമാനം | 72.25 | ചെലവ് ശതമാനം | 59.40 |

II-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാ നം തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു .

2020-21 വർഷത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഭൂരിപക്ഷം പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. റോഡ് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പ്രവൃത്തിയുടെ ചെയ്നേജ് രേഖപ്പെടുത്തേണ്ടതാണ്.

V) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

VI)രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽപഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്റ്റ് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യു രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു

കാഷ് ബുക്ക്

20-21 വർഷത്തെ കാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയത് പരിശോധിച്ചതിൽ കാഷ് ബുക്കിൽ വ്യക്തമായ വിവരങ്ങൾ ചേർക്കാതെയാണ് കാണപ്പെട്ടത്. ചെലവിന്റെ വ്യക്തമായ വിവരങ്ങൾ കാഷ്ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

സെക്യൂരിറ്റി രജിസ്റ്റർ

പരിശോധനക്ക് ലഭ്യമാക്കിയ സെക്യൂരിറ്റി രജിസ്റ്ററിൽ സെക്യൂറ്റി സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ , സെക്യൂരിറ്റി കാലാവധി, പ്രവൃത്തിയുടെ ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് , സെക്യൂറ്റി തിരിച്ചു നൽകേണ്ട കാലയളവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ടെണ്ടർരജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയും , അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

VII)ഫയലുകൾ ശരിയായി സൂക്ഷിക്കുന്നില്ല.

എഞ്ചിനിയറിംഗ് വിഭാഗം ഓരോ വർഷവും നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ ഫയലുകൾ ശരിയായി സൂക്ഷിക്കുന്നില്ല. ഒരു അടിസ്ഥാനവുമില്ലാതെ വിവിധ പ്രൊജക്റ്റ് ഫയലുകൾ കെട്ടിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്.

പ്രവൃത്തി ഫയലുകൾ കാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ ക്രമത്തിൽ പ്രത്യേകം നമ്പർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

VIII)പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്ക് പ്രവൃത്തികളിലെ അപാകതകൾ.

2019-20 , 2020-21 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ വിവിധ മെറ്റീരിയൽ പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) NREGS പ്രവൃത്തികൾക്ക് സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.03.2012 ലെ സ.ഉ(കൈ) 93/2012 നം ഉത്തരവിലെ നിർദ്ദേശപ്രകാരമല്ല വാങ്ങൽ നടത്തിയിരിക്കുന്നത്.

2) വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് സപ്ലെയർമാർ ബില്ല് സമർപ്പിച്ചിട്ടില്ല.

3) നിശ്ചിത തുകയിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്ന് GST TDS ഈടാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല.

സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസ് തയ്യാറാക്കിയ പദ്ധതി 26.02.2019 ലെ ഭരണ സമിതി യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 10.03.2019 ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചതോടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതാണ്.

പദ്ധതിയുടെ വിശദ വിവരങ്ങൾ

ഗുണഭോക്താക്കൾ - 113

ആകെ അടങ്കൽ - 27736622

പദ്ധതിയുടെ സാമ്പത്തിക വിശകലനം

| ഫണ്ട് | I Year | II Year | III Year | Total |
|---|---|---|---|---|
| ചലഞ്ച് ഫണ്ട് | 1224874 | 1224874 | 1224874 | 3674622 |
| പ്ലാൻ ഫണ്ട് | 11650000 | 9106000 | 3306000 | 24062000 |
| | | | | 27736622 |

വിവിധ പ്രവർത്ത നങ്ങൾക്കായുള്ള പണം വകയിരുത്തൽ

| | |
|---|---|
| ഭക്ഷണം | 3013122 |
| ചികിത്സ | 426000 |
| ഭൂമി | 5100000 |
| ഭവന നിർമ്മാണം | 18400000 |
| വിദ്യാഭ്യാസം | 235500 |
| ഭവന പുനരുദ്ധാരണം | 550000 |
| വെള്ളം | 12000 |
| ആകെ | 27736622 |

ചെലവ്

2019-20 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ നാളിതുവരെയുള്ള വരവ് ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ചലഞ്ച് ഫണ്ട് | 1224874 | 1224874 |
| പ്ലാൻ ഫണ്ട് (DFK അക്കൗണ്ടിലേക്ക് നൽകിയത്) | 1500000 | 836909 |
| VEO മുഖേന ആനുകൂല്യം നൽകിയത് | | 3075000 |

ചെലവിന്റെ ഇനം തിരിച്ച വിവരം

| | |
|---|---|
| ഭക്ഷണം | 2061783 |

| | |
|---|---|
| സ്ഥലം | 400000 |
| വീട് | 2400000 |
| വീട് റിപ്പയർ | 275000 |

ചികിത്സ , വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്ക് നാളിതുവരെ പണമൊന്നും ചെലവഴിച്ചിട്ടില്ല എന്നാണ് ലഭ്യമാക്കിയ പത്രികയിൽ നിന്ന് വ്യക്തമാകുന്നത്.

ഓഡിറ്റ് വിലയിരുത്തൽ

അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്ട് നടപ്പാക്കുന്നില്ല

ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, പുനരുദ്ധാരണം, ഭൂമി തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രൊജക്ടിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം പ്രൊജക്ട് പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുന്നതിൽ വിജയം കൈവരിക്കാനായിട്ടില്ല.

ചികിത്സ , വിദ്യാഭ്യാസ മേഖലകളിൽ പ്രൊജക്ട് ഗുണഭോക്താക്കൾക്ക് സേവനങ്ങൾ നൽകിയത് എന്നത് സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമല്ല.

ഭക്ഷണ കിറ്റ് വിതരണം ഒഴികെയുള്ള മറ്റ് സേവനങ്ങൾ നൽകുന്നതിൽ പുരോഗതി കൈവരിക്കാനായിട്ടില്ല.

പ്രൊജക്ട് നടപ്പാക്കിയതിലെ പ്രസക്ത വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | പ്രൊജക്ട് പ്രകാരം അംഗീകരിക്കപ്പെട്ട കുടുംബങ്ങൾ | വകയിരുത്തിയ തുക | ആനുകൂല്യം നൽകിയവർ | കുറിപ്പ് |
|---|---|---|---|---|
| ഭക്ഷണം | 113 | 3013122 | 113 | ചലഞ്ച് ഫണ്ട്, പ്ലാൻഫണ്ട് എന്നിവയിൽ നിന്ന് ₹ 2061783 ചെലവഴിച്ചു |
| സ്ഥലം വാങ്ങൽ | 17 | 5100000 | 2 | VEO യുടെ പ്രൊജക്ട് മുഖേന 400000 നൽകി |
| വീട് നിർമ്മാണം | 46 | 18400000 | 6 | VEO യുടെ പ്രൊജക്ട് മുഖേന 2400000 നൽകി |
| വീട് റിപ്പയർ | 16 | 550000 | 7 | VEO യുടെ പ്രൊജക്ട് മുഖേന 275000 നൽകി |

സ്ഥലം വാങ്ങലിൽ 11.76 % ഉം വീട് നിർമ്മാണത്തിൽ 13.04 % ഉം വീട് റിപ്പയറിൽ 43.75 % മാത്രമാണ് ലക്ഷ്യം നേടാൻ സാധിച്ചത്.

പദ്ധതിക്ക് പഞ്ചായത്തിൽ നിന്ന് അനുവദിച്ച 15 ലക്ഷം രൂപയിൽ നാളിതുവരെ ചെലവഴിച്ച 836909 രൂപ മുഴുവനായും ചെലവഴിച്ചത് ഭക്ഷണ വിതരണം നടത്തുന്നതിനാണ്.

പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സേവനം, പരിചരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ എത്തിച്ച് നൽകുന്നതിലും അനുവദിച്ച ഫണ്ട് യഥാ സമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

പദ്ധതി നടത്തിപ്പിൽ അഗതി രഹിത കേരളം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല .

അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം അംഗീകരിക്കപ്പെട്ട പദ്ധതിയുടെ നടത്തിപ്പിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മുഖ്യ പങ്കാളിത്തം നിർദ്ദേശിക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് സേവനങ്ങൾ നൽകേണ്ടത് അയൽക്കൂട്ടങ്ങൾ മുഖേനയാണ് എന്നും ഓരോ കുടുംബങ്ങളെയും സന്ദർശിച്ച് അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നത് ഉറപ്പുവരുത്തി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ആയത് പാലിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായ ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറെ നിയമിച്ചിട്ടുമില്ല. അതിനാൽത്തന്നെ ആരോഗ്യ രംഗത്ത് നടപ്പിലാക്കാൻ നിർദ്ദേശിച്ച പ്രവർത്തനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

ചലഞ്ച് ഫണ്ട് ലഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടില്ല .

പദ്ധതിപ്രകാരം ആദ്യ ഘട്ടുവായി ലഭിച്ച ചലഞ്ച് ഫണ്ട് തുകയുടെ 80% ചെലവഴിച്ചാൽ അടുത്ത ഘട്ട ലഭിക്കാൻ അർഹതയുണ്ടെങ്കിലും പഞ്ചായത്തിൽ ലഭിച്ച ആദ്യഘട്ട പൂർണ്ണമായും ചെലവഴിച്ചതിന് പുറമെ പഞ്ചായത്ത് നൽകിയ

ഫണ്ടിൽ നിന്ന് 836909 രൂപയും ഭക്ഷണവിതരണത്തിന് ചെലവഴിച്ചിട്ടും ചലഞ്ച് ഫണ്ട് രണ്ടാഘട്ട പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

പഞ്ചായത്തിലെ അശരണരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള ഈ പ്രൊജക്ട് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി. ₹ 309919 അധികച്ചെലവ്

2019-20 , 20-21 വർഷങ്ങളിലായി അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ എയർപോർട്ട് കുടിവെള്ള പദ്ധതി ഫേസ് 1 പ്രവൃത്തിയുടെ എസ്റ്റിമേറ്റിലാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകിയതായി വ്യക്തമായത്.

പ്രവൃത്തി - എയർപേർട്ട് കുടിവെള്ള പദ്ധതി ( Phase I)( 272/21)
Fund : Own Fund (CSR Fund)

TS No – 108991/2018-19 Dt . 12.1.19 4000000( Revised Approved On 1.4.20 ) EE Malappuram

Contractor - ശ്രീ മുഹമ്മദ് അഷ്‌റഫ് കെ

കരാർ നം - 83/18-19 Dt 23.2.2019 ( ₹ 3457671.35 – Estimte Rate )

എം ബുക്ക് - 103/18-19, 78/19-20

മൂല്യ നിർണ്ണയം - 3434891

ചെലവ് -3434891 (22000391/26.8.20 )

ഈ പ്രവൃത്തിയിൽ കിണർ, ടാങ്ക് എന്നിവയുടെ നിർമ്മാണം, പമ്പിംഗ് മെയ്ൻ സ്ഥാപിക്കൽ , ഭാഗികമായി വിതരണ ലൈൻ സ്ഥാപിക്കൽ , മോട്ടോർ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അനുബന്ധം C പ്രകാരമാണ് പമ്പിംഗ് മെയിൻ , വിതരണ ലൈൻ എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതുപ്രകാരമുള്ള പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തിക്കാണ് അധിക നിരക്ക് നൽകിയിട്ടുള്ളത്.

വിശദ വിവരങ്ങൾ താഴെ നൽകുന്നു.

I - മണ്ണിനടിയിലൂടെ GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി.

DSR പ്രകാരം Watersupply എന്ന ഇനത്തിൽ മണ്ണിനടിയിലൂടെ GI പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നിരക്കുകൾ അംഗീകരിച്ചതാണ് (Item 18.12.18). കുടിവെള്ള പദ്ധതികൾക്ക് മണ്ണിനടിയിലൂടെ GI പൈപ്പ് സ്ഥാപിക്കുന്നതിന് ഈ നിരക്കാണ് നൽകാവുന്നത്.

എന്നാൽ മേൽ പ്രവൃത്തിയിൽ പമ്പിംഗ് മെയിന്റെ ഭാഗമായി മണ്ണിനടിയിലൂടെ GI പൈപ്പ് സ്ഥാപിക്കുന്നതിന്, ഈ പ്രവൃത്തിക്കുള്ള DSR നിരക്ക് നൽകാതെ ട്രഞ്ചിംഗ്& റി ഫില്ലിംഗിനും( Item 4,5) , പൈപ്പ് സ്ഥാപിക്കുന്നതിനും (Item 1) പ്രത്യേക നിരക്ക് അനുവദിച്ച് നൽകുകയാണ് ചെയ്തത്.

GI പൈപ്പ് സ്ഥാപിക്കുന്നതിന് PVC പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അതേ ആഴത്തിൽത്തന്നെ ട്രഞ്ച് കീറുന്നതിനുള്ള നിരക്ക് നൽകിയത് അംഗീകരിക്കാനാവില്ല.

DSR പ്രകാരം നിരക്ക് ലഭ്യമായ ഇനം പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പണം നൽകിയതുമൂലം അധിച്ചെലവുണ്ടായിട്ടുണ്ട്.

GI പൈപ്പ് സ്ഥാപിക്കുന്നതിന് അധികം തുക നൽകിയതിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | DSR പ്രകാരം | എസ്റ്റിമേറ്റ് പ്രകാരം | അധികം |
|---|---|---|---|

| | | | |
|---|---|---|---|
| | നൽകാവുന്ന തുക ( 18.12.8)<br>@ 791.04 / M | നൽകിയത് | |
| 80 Mm Dia GI പൈപ്പ് മണ്ണിനടിയിലൂടെ സ്ഥാപിക്കൽ ( 367 M, Pumping Main) | 290311.68<br>( 367x791.04 ) | Item 1 – 367x713.56 = 261876.52<br>Item 4 – 82.57x401.01= 33111.40<br>Item 5 – 82.57x689.04=56894.03<br>Total = 351881.95 | 61570<br>(351881.95-290311.68) |

II- ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിന് അധികം തുക നൽകി.

ഈ പ്രവൃത്തിയുടെ ഭാഗമായി 110 Mm, 63 Mm PVC വിതരണ ലൈൻ സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ്& റി ഫില്ലിംഗിനും, പൈപ്പ് സ്ഥാപിക്കുന്നതിനും ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രത്യേക നിരക്കാണ് നൽകിയിരിക്കുന്നത്.

LSGD എഞ്ചിനിയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രൈസ് സോഫ്റ്റ്വെയറിൽ കുടിവെള്ള പദ്ധതികളിൽ PVC പൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ്& റിഫില്ലിംഗ്, പൈപ്പ് വില ഉൾപ്പെട്ട അംഗീകൃത നിരക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതേ കുടിവെള്ള പദ്ധതിപൂർത്തീകരണത്തിനായി നടപ്പാക്കിയ എയർപോർട്ട് കുടിവെള്ള പദ്ധതി ഫേസ് 2 എന്ന പ്രവത്തിയുടെ എസ്റ്റിമേറ്റിൽ വിതരണ ലൈൻ സ്ഥാപിക്കുന്നതിന് പൂർണ്ണമായും പ്രൈസ് സേഫ്റ്റ്വെയറിൽ അംഗീകരിച്ച നിരക്കാണ് അനുവദിച്ച് നൽകുകയും ചെയ്തിട്ടുള്ളത്.

ഒരു കുടിവെള്ള പദ്ധതിയുടെ വിതരണലൈൻ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് തയ്യാറാക്കിയ രണ്ട് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്കുകളാണ് നൽകിയിട്ടുള്ളത്. PVC പൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ് & റിഫില്ലിംഗ്, പൈപ്പ് വില എന്നിവ ഉൾപ്പെട്ട അംഗീകൃത നിരക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ ലഭ്യമായിരിക്കെ അതേ പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി വളരെ ഉയർന്ന നിരക്ക് നൽകിയത് അംഗീകരിക്കാനാവില്ല. കൂടാതെ ഇതേ പ്രവൃത്തിക്ക് പഞ്ചായത്ത് തന്നെ തയ്യാറാക്കിയ മറ്റൊരു എസ്റ്റിമേറ്റിൽ പ്രൈസ് സോഫ്റ്റ്വെയറിൽ അംഗീകരിച്ച നിരക്കാണ് ഉൾപ്പെടുത്തിയത്.

പ്രൈസ് സോഫ്റ്റ്വെയറിൽ അംഗീകരിക്കപ്പെട്ട നിരക്ക് ഉണ്ടായിരിക്കെ വിതരണ ലൈൻ സ്ഥാപിക്കുന്നതിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം നിരക്ക് കണക്കാക്കി പണം നൽകിയത് മൂലം പ്രവൃത്തിയിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | നൽകാവുന്നത്(ഇതേ പദ്ധതിയുടെ Phase 2 എസ്റ്റിമേറ്റിൽ വിതരണ ലൈൻ ന് അനുവദിച്ച നിരക്ക് ) | എസ്റ്റിമേറ്റ് പ്രകാരം നൽകിയത് | അധികം |
|---|---|---|---|
| വിതരണ ലൈൻ - 110 Mm Dia PVC പൈപ്പ് മണ്ണിനടിയിലൂടെ സ്ഥാപിക്കൽ ( 540 M) | 236757.60<br>( 50.18.9.9.1)<br>@ 438.44/ M | Item 6 – 540x601.86 = 325004.4<br>Item 4 – 124.5x401.01= 49925.75<br>Item 5 – 114x689.04= 78550.56<br>Total = 453480.71 | 216723 |
| വിതരണ ലൈൻ - 63 Mm Dia PVC പൈപ്പ് മണ്ണിനടിയിലൂടെ സ്ഥാപിക്കൽ ( 149 M) | 41644.01<br>( 50.18.9.7.1)<br>@ 279.49/ M | Item 8 – 149x243.05 = 36214.45<br>Item 4 – 31.75x401.01= 12732.07 | 31626 |

| | | | |
|---|---|---|---|
| | | Item 5 – 35.3x689.04= 24323.11<br>Total = 73269.63 | |
| ആകെ അധികം | | | 248349 |

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം 17/15.02.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾമൂലം അധികച്ചെലവായ ₹309919/- എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ , സാങ്കേതികാനുമതി നൽകിയ എക്സിക്യൂട്ടിവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 07-02-2022 മുതൽ 08-02-2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 400000 | 13/21 ഐ ഇ ഡിസി സ്കോളർഷിപ്പ് | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1610000 | 199/21 ലൈഫ് ഭവന പദ്ധതി(എസ് സി) | 1610000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2060000 | 103/21 ലൈഫ് ഭവന പദ്ധതി(എസ് സി) | 2060000 | 0 |
| ജില്ലാ പഞ്ചായത്ത് | 700000 | 13/21 ഐ ഇ ഡിസി സ്കോളർഷിപ്പ് | 700000 | 0 |
| ജില്ലാ പഞ്ചായത്ത് | 640000 | 103/21 ലൈഫ് ഭവന പദ്ധതി(എസ് സി) | 640000 | 0 |
| ജില്ലാ പഞ്ചായത്ത് | 240000 | 81/21 ലൈഫ് ഭവന പദ്ധതി(എസ് സി) | 240000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 151/21 കാരാപറമ്പ്-വെണ്ണായൂർ ആലിൻചുവട് റോഡ് പുനരുദ്ധാരണം-പോസ്റ്റ് മാറ്റി വെക്കുന്നതിനുള്ള തുക നൽകൽ | 22000911 Dtd 22-01-21 | 51581 | 0 | പൂർത്തീകരിച്ചിട്ടില്ല. | 51581 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (കൈ) 68/2018 തിയതി 18.05.2018 | 0 | 6355294 | 1347294 | 0 | 5008000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തില് ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 21562391 |
| തൻവർഷം നിക്ഷേപിച്ച തുക | 1,731088 |
| ആകെ | 23293479 |
| തന്നാണ്ടില് പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 23293479 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പര് /തിയ്യതി |
|---|---|---|---|---|
| 2018-19 | 1-11 | 7250 | മിഥുന പി | 1200401096251 തിയതി 15/03/2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 30 (1) | 2003-04 | 3-10-13 | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |
| 1998-99 | 38 (5), 45, 53 | 2003-04 | - | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |
| 1999-2000 | 40, 43 | 2003-04 | - | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക.

ഇല്ല.

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക | റവന്യൂ റിക്കവറിയിലൂടെ | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളില് | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥാനം, ഭരണ വകുപ്പ്. | നമ്പറും തിയ്യതിയും | തുക | (രസീത് നമ്പർ, തിയ്യതി) | ഈടാക്കിയ തുക, രസീത് | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2010-11 | 3-4, 3-11 | ശ്രീ. സി.കെ. മോഹന്ദാസ് | LF.17737/ Spl.Cell/CSC /D1/13 Dt.15.12.2016 | 57,18,895 | അടവാക്കിയിട്ടില്ല | ഇല്ല | ഇല്ല | 0 | 0 | 0 | 5718895 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112180366 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 114012988 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 309919 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1094682 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 154960 | ശ്രീ. ചാൾസ് റാഫി, അസി. എഞ്ചിനിയർ |
| | | 154959 | ശ്രീ. സി ചന്ദ്രൻ എക്സി.എഞ്ചിനിയർ |
| | ആകെ | 309919 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 120387 | ഉമ്മർ കോയ കോഴിക്കാടൻ , സെക്രട്ടറി ഇൻ ചാർജ് |
| 1-18 | 54920 | ശ്രീമതി പങ്കജവല്ലി കെ, ഹെഡ്മിസ്ട്രസ് |
| 1-23-1 | 464200 | ശ്രീമതി മീരമോൾ, അസി. എഞ്ചിനിയർ |
| 1-23-2 | 251430 | ശ്രീമതി മീരമോൾ, അസി. എഞ്ചിനിയർ |
| 1-23-3 | 203745 | ശ്രീമതി മീരമോൾ, അസി. എഞ്ചിനിയർ |
| ആകെ | 1094682 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ചാൾസ് റാഫി,<br>അസി. എഞ്ചിനിയർ | റിട്ടയേർഡ് | ഓറിയോൾ ഒ.എൻ.എച്ച് കോൺവെന്റിന് പിറക് വശം , കോൺവെന്റ് നഗർ, ഇരവിപുരം, കൊല്ലം-691011 |
| ശ്രീ. സി ചന്ദ്രൻ<br>എക്സി.എഞ്ചിനിയർ | എക്സി.എഞ്ചിനീയർ LID & EW, കോഴിക്കോട് | ഭാരതം, പയ്യനിങ്ങൾ, പാറോപ്പടി, മേരിക്കുന്ന് പി.ഒ, കോഴിക്കോട്-673012 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1981-82 | എൽ.എഫ്.എം07/1764/03 തിയ്യതി 17.11.2003 | 02 |
| 2 | 1985-86 | എൽ.എഫ്.എം09/1878/03 തിയ്യതി 30.07.2004 | 6 |
| 3 | 1991-92<br>92-93 | എൽ.എഫ്.എം07/1780/94 തിയ്യതി 30.07.1994 | 9 |
| 4 | 1993-94 | എൽ.എഫ്.എം07/1773/03 തിയ്യതി 18.11.2003 | 14 |
| 5 | 1996-97 | എൽ.എഫ്.എം07/659/01 തിയ്യതി 06.07.2005 | 15 |
| 6 | 1997-98 | എൽ.എഫ്.എം12/1466/01 തിയ്യതി 18.11.2003 | 31 |
| 7 | 1998-99 | എൽ.എഫ്.എം07/1467/01 തിയ്യതി 18.02.2005 | 31 |
| 8 | 1999-00 | എൽ.എഫ്.എം07/1766/03 തിയ്യതി 18.01.2003 | 18 |
| 9 | 2000-01 | എൽ.എഫ്.എം07/1878/05 തിയ്യതി 29.09.2006 | 20 |
| 10 | 2001-02 | എൽ.എഫ്.എം14/744/06 തിയ്യതി 26.09.2006 | 15 |
| 11 | 2002-03 | എൽ.എഫ്.എം14/567/08 തിയ്യതി 18.12.2008 | 05 |
| 12 | 2003-04 | എൽ.എഫ്.എം14/568/08 തിയ്യതി 18.12.2008 | 13 |
| 13 | 2004-05 | എൽ.എഫ്.എം14/1789/08 തിയ്യതി 04.03.2009 | 02 |
| 14 | 2005-06 | എൽ.എഫ്.എം14/1777/08 തിയ്യതി 14.03.2009 | 03 |
| 15 | 2006-07 | എൽ.എഫ്.എം14/1652/09 തിയ്യതി 09.06.2010 | 9 |
| 16 | 2007-08 | എൽ.എഫ്.എം06/807/12 തിയ്യതി 06.06.2012 | 12 |
| 17 | 2008-09 | എൽ.എഫ്.എം06/808/12 തിയ്യതി 06.06.2012 | 9 |
| 18 | 2009-10 | എൽ.എഫ്.എം06/809/12 തിയ്യതി 06.06.2012 | 4 |
| 19 | 2010-11 | എൽ.എഫ്.എം06/791/13 തിയ്യതി 12.06.2013 | 5 |

| | | | |
|---|---|---|---|
| 20 | 2011-12 & 2012-13 | എൽ.എഫ്.എം06/1613/14 തിയ്യതി 08.10.14 | 16 |
| 21 | 2013-14, & 2014-15 | കെ.എസ്.എ.എം.പി.എം06/1897/15 തിയ്യതി 10.03.2016 | 14 |
| 22 | 2015-16 | കെ.എസ്.എ.എം.പി.എം26/2455/2016 തിയ്യതി 28.10.2016 | 15 |
| 23 | 2016-17 | കെ.എസ്.എ.എം.പി.എം26/2286/17 തിയ്യതി 14.11.17 | 18 |
| 24 | 2017-18 | കെ.എസ്.എ.എം.പി.എം.26/2597/2018 തിയ്യതി 21-03-2019 | 23 |
| 25 | 2018-19 | കെ.എസ്.എ.എം.പി.എം.26/71/20 തിയ്യതി 05-06-20 | 11 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

എം.എ.5/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്